# KERALA ELECTRICITY EMPLOYEES' CONFEDERATION INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | NAZEER.M |
| | 9447083300 | 9447303578 | 9447241503 |


തിരുവനന്തപുരം
17.02.2025

## 8.1.2025 ൽ ചേർന്ന സംസ്ഥാന സെക്രട്ടറിയേറ്റിന്റെ മിനിറ്റ്സ്

കൃത്യം 10.15 AM ന് വർക്കിങ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ യോഗം ആരംഭിച്ചു. ജനറൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. ജീവനക്കാരുടെ എല്ലാ വിഷയത്തിലും കൃത്യമായ ഇടപെടലുകൾ നടത്തിയ സംഘടനകൾ നമ്മൾ മാത്രമാണെന്നും ചെറുതും വലുതുമായ എല്ലാ വിഷയങ്ങളിലും ഇടപെട്ടിട്ടുണ്ടെന്നും എന്നാൽ സെക്രട്ടറിയേറ്റ് നേരത്തെ കൂടേണ്ടതായിരുന്നുവെന്നും DA, ലീവ് സറണ്ടർ മണിയാർ വർക്കർ പ്രമോഷൻ ഉൾപ്പടെയുള്ള വിഷയങ്ങളിൽ പണിമുടക്ക് അത്യാവശ്യമാണെന്നും പണിമുടക്കിനോടനുബന്ധിച്ച് ഒരു നോട്ടീസ് സംസ്ഥാന കമ്മിറ്റി പുറത്തിറക്കണമെന്നും ചില സ്ഥലങ്ങളിൽ കഴിഞ്ഞ റഫറണ്ടത്തിൽ BMS മുന്നിൽ വന്നത് പരിശോധിക്കപ്പെടണമെന്നും ട്രാൻസ്ഫറിൽ നടക്കാനുള്ള കാര്യങ്ങളുണ്ടെങ്കിൽ അത് എങ്ങനെയും നേടിയെടുക്കണമെന്നും പണിമുടക്കിന്റെ ആവശ്യങ്ങൾ/ആശയങ്ങൾ ജനങ്ങളിൽ എത്തിക്കണമെന്നും പണിമുടക്ക് ദിവസം 3 Region ആയി പ്രതിഷേധ യോഗവും പ്രകടനവും നടത്തണമെന്നും, മണിയാർ സമരം വേണമെന്നും, സംസ്ഥാന സെക്രട്ടറിയേറ്റ് ഇടയ്ക്കിടെ ചേരണമെന്നും ചില കേസുകൾ യൂണിയൻ പാതിവഴിയിൽ ഉപേക്ഷിച്ചുവെന്നും, CITU ക്കാർ അവരുടെ പ്രൊട്ടക്ഷൻ, കോടതി വിധിക്ക് വിരുദ്ധമായി മറ്റു ചില യൂണിയനുകൾക്ക് നൽകിയെന്നും, 2025 ട്രാൻസ്ഫറിൽ അത് ആവർത്തിക്കാതിരിക്കാനുള്ള നീക്കം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ഡിവിഷൻ തലത്തിലും മണിയാർ വിഷയത്തിൽ സമരം നടത്തണമെന്നും വയനാട് ഭവനം മുൻ തീരുമാനം നടപ്പാക്കുമ്പോൾ ഡിവിഷൻ തലത്തിൽ അംഗങ്ങളോട് സമ്മതം ചോദിച്ചതിനുശേഷം മാത്രം നടപ്പാക്കിയാൽ മതിയെന്നും, KPCC ആഹ്വാന പണിമുടക്കായതു കൊണ്ട് നമ്മുടെ പണിമുടക്ക് ഒരു മുതൽക്കൂട്ട് ആയി മാറുമെന്നും ഇപ്പോൾ KSEBL ജീവനക്കാർക്കിടയിൽ ചർച്ച വിഷയമായിട്ടുള്ളത് CITU ഉം നമ്മളും മാത്രമാണെന്നും പണിമുടക്കിന്റെ വിജയത്തിനായി വ്യപകമായ പ്രചരണം നടത്തണമെന്നും, നമ്മൾ എണ്ണതിൽ കുറവായതുകൊണ്ട് നമ്മുടെ എല്ലാ അംഗങ്ങളെയും പണിമുടക്കിൽ പങ്കെടുപ്പിക്കണമെന്നും AITUC ക്ക് റഫറണ്ടത്തിൽ വോട്ട് കിട്ടിയത് പരിശോധിക്കേണ്ടതാണെന്നും, അടുത്ത റഫറണ്ടത്തിൽ മുൻ വീഴ്ചകൾ ഉണ്ടാകരുതെന്നും, സമര പ്രചാരണ പരിപാടി നാളെത്തന്നെ തുടങ്ങണമെന്നും, STU, EA ഉൾപ്പടെയുള്ളവരെ പണിമുടക്കിന് ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് ചർച്ച നടത്തണമെന്നും ഡിവിഷൻ കമ്മിറ്റികൾ ഉടൻ കൂടണമെന്നും ട്രെയിനിങ് ക്ലാസ് ലിസ്റ്റ് ഉടനെ ഡിവിഷനുകൾ എത്തിക്കണമെന്നും, സംസ്ഥാന ഭാരവാഹികൾ അത് എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തണമെന്നും, അത് സാധിക്കുമെങ്കിൽ ഫെബ്രുവരിയിൽ നടത്തണമെന്നും, ജോയിന്റ് കൗൺസിൽ സംസ്ഥാന ജീവനക്കാരുടെ ഭാഗത്തുനിന്നും സമരത്തിൽ ഉള്ളതുകൊണ്ട് AITUC യെ നമ്മുടെ പണിമുടക്കിലേക്ക് ഇതിലേക്ക് കൊണ്ടുവരണമെന്നും ചർച്ചയിൽ അംഗങ്ങൾ പറഞ്ഞു.

മുൻ തീരുമാന പ്രകാരം വിവിധ ജില്ലയിലെ സംഘടനാ പ്രവർത്തനങ്ങളുടെ ഏകോപനം വിവിധ സംസ്ഥാന ഭാരവാഹികൾക്ക് നൽകുവാനുള്ള ലിസ്റ്റ് ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. അതിൽ വരുത്താനുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തി ചാർജ് നൽകേണ്ടുന്നത് അംഗീകരിച്ചു. വർക്കിങ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ എല്ലാ ജില്ലയുടെയും കോർഡിനേഷൻ നടത്തണമെന്നും നിർദ്ദേശം വന്നു. ചർച്ച നടക്കുന്നതിനിടയിൽ പ്രസിഡന്റ് കെ.പി.ധനപാലൻ Ex.MP എത്തി. പ്രതിഷേധ ധർണ്ണയിൽ 3 സ്ഥലങ്ങളും കോൺഗ്രസ്സിന്റെ സമുന്നതരായ നേതാക്കളെകൊണ്ട് ഉദ്ഘാടനം ചെയ്യിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. 3 Region കേന്ദ്രീകരിച്ച് പത്രസമ്മേളനം നടത്തുന്നത് ഉചിതമായിരിക്കുമെന്നും പ്രസിഡന്റ് നിർദ്ദേശിച്ചു. പ്രത്യേക ക്ഷണിതാവ് UDEEF ജനറൽ സെക്രട്ടറി കെ.പി സുനിൽ കുമാർ യോഗത്തിൽ സംസാരിച്ചു. ഉച്ചയൂണിനുശേഷം പ്രത്യേക വാഹനത്തിൽ സെക്രട്ടറിയേറ്റ് അംഗങ്ങൾ പ്രസിഡന്റിന്റെ

നേതൃത്വത്തിൽ പണിമുടക്ക് നോട്ടീസ് നല്കുന്നതിലേയ്ക്കായി പട്ടം വൈദ്യുതി ഭവനിലേക്ക് പോയി. 1.15 PM ന് വൈദ്യുതി ഭവനിൽ വിശദീകരണയോഗം നടത്തി. വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് യോഗം സംബന്ധിച്ച് ആമുഖം അവതരിപ്പിച്ചു. പിന്നീട് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം KPCC ജനറൽ സെക്രട്ടറി അഡ്വ.ജി.സുബോധൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് സെക്രട്ടറിയേറ്റ് അംഗങ്ങളെ വൈദ്യുതി ഭവൻ ഡിവിഷൻ കമ്മിറ്റി ഷാൾ അണിയിച്ചു ആദരിച്ചു. ജനറൽ സെക്രട്ടറി നസീർ.എം യോഗത്തിന് നന്ദി പറഞ്ഞു. തുടർന്ന് KSEB യുടെ സെക്രട്ടറിയുടെ ചേമ്പറിൽ എല്ലാ സെക്രട്ടറിയേറ്റ് അംഗങ്ങളും യോഗത്തിൽ പങ്കെടുത്തവർ ഉൾപ്പടെ എല്ലാവരും എത്തി പ്രസിഡന്റ് കെ.പി ധനപാലൻ Ex.MP പണിമുടക്ക് നോട്ടീസ് നൽകി കാര്യങ്ങൾ വിശദീകരിച്ചു. വീണ്ടും അവിടെ നിന്നും വാഹനത്തിൽ വി.പി.മരയ്ക്കാർ സ്മാരക മന്ദിരത്തിൽ വന്ന് ചർച്ചകൾ തുടർന്നു. ജനറൽ സെക്രട്ടറി നന്ദി രേഖപ്പെടുത്തി. 5.30 PM ന് ചർച്ചകൾ അവസാനിച്ചു.

## **തീരുമാനങ്ങൾ**

1. പണിമുടക്ക് ദിവസം (22.1.2025) ധർണ്ണയും പ്രതിഷേധ പ്രകടനവും 3 റീജിയൻ ആയി നടത്തുവാൻ തീരുമാനിച്ചു.
2. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട - നിസാറുദ്ദീൻ.എ|എറണാകുളം, തൃശ്ശൂർ, കോട്ടയം, ഇടുക്കി - ജിജിൻ|കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം, പാലക്കാട്- ജംഹർ കെ.എം. നേതാക്കളെ മുൻകൂട്ടി ക്ഷണിക്കണം (കമ്മിറ്റി കൂടി തീരുമാനിച്ചിട്ട്) ജില്ലാ ഡിവിഷൻ കമ്മിറ്റികൾ 18 നകം പൂർത്തിയാക്കണം.
3. Flex format, Coupon format, സംസ്ഥാന കമ്മിറ്റി നാളെ തന്നെ പബ്ലിഷ് ചെയ്യും.
4. പോസ്റ്റർ ഇന്നലെ സെക്രട്ടറിയേറ്റ് അംഗങ്ങൾ കൊണ്ടുപോയി ഡിവിഷൻ കമ്മിറ്റികൾക്ക് എത്തിക്കുവാൻ തീരുമാനിച്ചു.
5. നോട്ടീസ് കേന്ദ്ര കമ്മിറ്റി ഓഫീസിൽ നിന്നും കൊറിയർ ചെയ്യുവാൻ തീരുമാനിച്ചു.
6. 3 മേഖലയിലും സാധിക്കുമെങ്കിൽ പത്രസമ്മേനനം നടത്തണം.
7. മണിയാറിൽ ഫെബ്രുവരി ആദ്യവാരം സമരം നടത്താൻ തീരുമാനിച്ചു. തീയതി പിന്നീട് അറിയിക്കും.
8. അടുത്ത റഫറണ്ടത്തിൽ INTUC യുടെ പേരിൽ മറ്റൊരു വിഭാഗം മത്സരിക്കാതിരിക്കാനുള്ള ശ്രമങ്ങൾ KPCC യുമായി ബന്ധപ്പെട്ട നടത്തണമെന്നും അതിലേക്കായി പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി.
   **<u>സമിതി അംഗങ്ങൾ</u>** : കെ.പി.ധനപാലൻ Ex.MP, സിബിക്കുട്ടി ഫ്രാൻസിസ്, നിസാറുദ്ദീൻ.എ, യമുന.സി.എസ്, നസീർ.എം, ജംഹർ കെ.എം, മുഹമ്മദ് ഷമീം.സി, പ്രസാദ് വി
9. വിവിധ ജില്ലകളുടെ സംഘടനാ പ്രവർത്തന ചാർജ് സെക്രട്ടറിയേറ് അംഗങ്ങൾക്ക് താഴെ പറയുന്ന പ്രകാരം നൽകി.

| | | |
|---|---|---|
| കാസർഗോഡ് | - | പ്രസാദ് വി, തോമസ് മാത്യു |
| കണ്ണൂർ | - | ജംഹർ കെ.എം, ഖാജാ.കെ |
| വയനാട് | - | മുഹമ്മദ് ഷെരിഫ്, സുരേഷ് ബാബു |
| കോഴിക്കോട് | - | മെൽബിൻ ആന്റണി, ഉണ്ണികൃഷ്ണൻ.പി |
| പാലക്കാട് | - | അനീഷ് കെ.ബി, കലേഷ് കുമാർ സി.ബി |
| തൃശ്ശൂർ | - | മുഹമ്മദ് ഷമീം, മുരളി കൃഷ്ണൻ.പി |
| എറണാകുളം | - | കുര്യച്ചൻ സി.വി, സെബാസ്റ്റ്യൻ വി.ജി |
| ഇടുക്കി | - | രാജേഷ് ബി നായർ, ജിജിൻ ജോസഫ് |
| കോട്ടയം | - | ജോസഫ് എൻ.വി, തോമസ് കുരിശുവീട്ടിൽ |
| ആലപ്പുഴ | - | ജയകുമാർ.എസ് |
| പത്തനംതിട്ട | - | നിസാറുദ്ദീൻ.എ, സിബിക്കുട്ടി ഫ്രാൻസിസ് |
| കൊല്ലം | - | യമുന സി.എസ്, സ്റ്റാൻലി.ഇ, നസീർ.എം |
| മലപ്പുറം | - | ഷാഹുൽ ഹമീദ്, രഞ്ജിത്ത് കെ.കെ |
| തിരുവനന്തപുരം | - | നിഷാദ്.ടി, രാധാകൃഷ്ണ പിള്ള, നസീർ.എം |

ജനറൽ സെക്രട്ടറി